(ഡി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട് മരിച്ച ബീഫാത്തിമയുടെ ബന്ധുക്കളേയും വീടിന് മുറ്റത്ത് രാത്രികാലങ്ങളിൽ ഓട്ടോറിക്ഷ സൂക്ഷിക്കുന്ന ഡ്രൈവർമാരേയും ചോദ്യം ചെയ്തിട്ടുണ്ട്. കൂടാതെ വീട്ടുജോലിക്കാരിയുടെ രക്ഷിതാവ് ചിന്നദുരൈ, വാടകവീട്ടിൽ താമസിക്കുന്ന മുഹമ്മദ് അൻവർ തുടങ്ങി നിരവധിപേരെ ചോദ്യം ചെയ്തിട്ടുള്ളതും സമീപ സ്ഥലങ്ങളിൽ കൂടുതലായി അന്വേഷിച്ചതിലും പ്രതിയെക്കുറിച്ചോ, മുതലുകളെപ്പറ്റിയോ യാതൊരു തെളിവും ലഭിച്ചിട്ടില്ലാത്തതുമാണ്. ഇതിനുവേണ്ടി അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

68 (1664) എ.ഡി. മാത്യു നൽകിയ പരാതി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കാഞ്ഞാർ സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ എ.ഡി. മാത്യു നൽകിയ 83/98-ാം നമ്പർ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഇതു സംബന്ധിച്ച പരാതി അന്വേഷിച്ചതാരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആരെല്ലാമായിരുന്നു പരാതിയിലെ പ്രതികൾ എന്നും എന്തായിരുന്നു പരാതിക്ക് ആധാരം എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) 1998-ലെ പാർലമെന്റ് ഇലക്ഷനോടനുബന്ധിച്ച് യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന ശ്രീ. പി.സി. ചാക്കോയെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ പേര് വയ്ക്കാത്ത നോട്ടീസ് ഷാജി, ടോമി, നാരായണൻ എന്നിവർ ചേർന്ന് വിതരണം ചെയ്യുന്നു എന്ന് പരാതിപ്പെട്ടുകൊണ്ട് ശ്രീ. എ.ഡി. മാത്യു നൽകിയ പരാതിയിന്മേൽ കാഞ്ഞാർ എസ്.ഐ. അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽനിന്നും നോട്ടീസ് പ്രിന്റ് ചെയ്ത പ്രസ്സ്, നോട്ടീസിന്റെ ഉറവിടം എന്നിവ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. പരാതിക്കൊപ്പം ഹാജരാക്കിയ നോട്ടീസല്ലാതെ മറ്റ് നോട്ടീസുകളൊന്നും അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

69 (1665) സതീഷ്കുമാറിന്റെ കേസ്സ് സി.ബി.ഐ. യെ ഏൽപ്പിക്കണം എന്ന ആവശ്യം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് സതീഷ്കുമാറിന്റെ കൊലപാതകം സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വിശദമായി കേസ്സ് അന്വേഷണം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly